# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1510.

12-06-2019 ൽ മറുപടിയ്ക്ക്

## കേരള ഇന്നൊവേഷൻ എക് സ്റ്റൻഷൻ പ്രോജക്ട്

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഇന്നൊവേഷൻ എക് സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 1820 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്റ്റിന്റെ ആവശ്യത്തിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | കേന്ദ്ര പദ്ധതിയായ ആത്മയുമായി ഏകോപിപ്പിച്ചുകൊണ്ടും, ലീഡ്സ്, ആത്മ പ്ലസ് പദ്ധതിയുടെ ഘടകങ്ങൾ, കാർഷിക വിജ്ഞാന മാസിക തയ്യാറാക്കൽ. പഞ്ചായത്ത് ഫാം പ്ലാൻ, ബ്ലോക്ക് തലത്തിൽ മാതൃക ഫാമുകൾ എന്നിവയും സോഷ്യൽ മീഡിയയുടെ സാധ്യതകൾ, കർഷകരുടെ സംരഭങ്ങൾ, കർഷകരുടെയും ഓഫീസർമാരുടെയും പഠനയാത്രകൾ എന്നിവയും സംയോജിപ്പിച്ചുകൊണ്ടാണ് കേരള അഗ്രിക്കൾച്ചറൽ ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>കൂടാതെ പ്രസ്തുത പ്രോജക്റ്റിൽ ലീഡ്സ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്ന നാലു ജില്ലകൾ കൂടാതെ ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ച് അങ്ങനെ മൊത്തം 941 പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതുമൂലം നൂതന സാങ്കേതിക വിദ്യകളും കർഷകരുടെ കണ്ടെത്തലുകളും മറ്റും ഉപയോഗപ്പെടുത്തി കാർഷിക മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ സാധിക്കും.<br>വിവര സാങ്കേതിക വിദ്യ കർഷകർക്ക് ലഭിക്കുന്നതിനും വിപണനവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും ഓരോ പഞ്ചായത്തിലും ടെക്നോളജി യൂണിറ്റും, മാർക്കറ്റ് |

| | | | |
|---|---|---|---|
| | | | യൂണിറ്റും സ്ഥാപിക്കുന്ന വിഷയവും ജില്ലാതലത്തിൽ കർഷകരുടെ നവീന ആശയങ്ങളുപയോഗിച്ചുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്ന വിഷയവും പരിഗണനയിലാണ്.<br>കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തെ സഹായിക്കുവാനും മാർക്കറ്റ് വിവരങ്ങൾ ലഭ്യമാക്കുവാനും ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും പൈലറ്റ് പ്രോജക്ടായി ജില്ലാതല ഫാർമേഴ്സ് പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിന്റെ സെക്രട്ടറിയായി എം.ബി.എ. ബിരുദമുള്ളയാളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മൊത്തം പ്രോജക്ടിന്റെ ചെലവ് 1820 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത പദ്ധതി ആത്മ, ആത്മ പ്ലസ് എന്നീ പദ്ധതികളുമായി ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി ആത്മയുമായി ഏകോപിപ്പിക്കുവാനും, ആത്മ പ്ലസ് പദ്ധതിയുടെ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**